ഉത്തരം

(എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സലിൻ ആനന്ദ്, S/o. സദാനന്ദൻ എന്നയാളുടെ പരാതിയുടെ അടിസ്ഥാനത്തിൽ.

(സി) കണ്ണപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 741/2014 u/s 143, 147, 148, 324, 308 r/w 149 IPC പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഡി) പരാതിക്കാരന് മർദ്ദനത്തിൽ പരിക്കേറ്റ് കണ്ണൂർ ജില്ലാ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത സാഹചര്യത്തിലാണ് പരാതിക്കാരന്റെ മൊഴി പ്രകാരം പ്രതിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സോളാർ കേസ്

175 (3807) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ കേസന്വേഷണത്തിന്റെ ഭാഗമായി പ്രതി സരിത എസ് നായരിൽനിന്ന് എത്ര മൊബൈൽ ഫോണുകളും ലാപ്പ്ടോപ്പുകളും അന്വേഷണ ഉദ്യോഗസ്ഥർ പിടിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം ഉദ്യോഗസ്ഥർ എത്ര വീതം മൊബൈൽ ഫോണുകളും ലാപ്പ്ടോപ്പുകളുമാണ് പിടിക്കൂടിയതെന്നും ഇതിൽ എത്ര വീതം ഏതെല്ലാം കോടതിയിൽ ഹാജരാക്കിയെന്നും വ്യക്തമാക്കാമോ ;

(സി) സോളാർ കേസിലെ നിർണ്ണായക തെളിവുകളടങ്ങിയ 3 മൊബൈൽ ഫോണും ഒരു ലാപ്പ്ടോപ്പും പോലീസ് പിടിച്ചെടുത്ത് കോടതിയിൽ ഹാജരാക്കാതെ പൂഴ്ത്തി വയ്ക്കുകയും തനിക്കെതിരെ ദുരുപയോഗിക്കുകയും ചെയ്യുന്നുവെന്ന് കാണിച്ച് സരിത എസ്. നായർ ഡി.ജി.പി.-ക്ക് പരാതി നൽകിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 6 മൊബൈൽ ഫോണുകളും ഒരു ലാപ്പ്ടോപ്പും.

(ബി)

1. ശ്രീ. സുധീർ മനോഹർ, എസ്.ഐ., പെരുമ്പാവൂർ - 2 ഫോണുകൾ
2. ശ്രീ. വി. റോയ്, പോലീസ് ഇൻസ്പെക്ടർ, പെരുമ്പാവൂർ - 4 ഫോണുകളും ഒരു ലാപ്പ്ടോപ്പും പിടിച്ചെടുത്തു. ഇവയെല്ലാംതന്നെ പെരുമ്പാവൂർ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. തന്റെ ദൃശ്യങ്ങൾ പുറത്തുവിട്ടത് സംബന്ധിച്ചും മറ്റുമായി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സരിത എസ്. നായരുടെ ഒരു പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തിവരികയാണ്.

വനിതാ പോലീസ് - ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ

176 (3808) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-3-2011 -ലെ G.O. (P) No. 83/11/ഹോം ഉത്തരവ് പ്രകാരം മാതൃജില്ലയിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ട വനിത പോലീസുകാരുടെ പേരുവിവരം ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം സ്ഥലം മാറ്റം ലഭിക്കുന്നതിന് അപേക്ഷിച്ചവർക്ക് മാതൃ ജില്ലയിൽ നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മേൽ ഉത്തരവു പ്രകാരം തിരുവനന്തപുരം ജില്ലയിൽനിന്ന് എത്ര പേർക്ക് കൊല്ലം ജില്ലയിലേക്ക് ട്രാൻസ്ഫർ ലഭിച്ചിട്ടുണ്ട്; പേരുവിവരം വിശദമാക്കുമോ ;

(ഡി) തിരുവനന്തപുരം ജില്ലയിൽനിന്നും കൊല്ലം ജില്ലയിലേക്ക് ഇനി എത്രപേർക്ക് ട്രാൻസ്ഫർ ലഭിക്കുവാനുണ്ട് ; ആയതിന്റെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുമോ ?

ഉത്തരം

(എ) സ്ഥലം മാറ്റം ആവശ്യപ്പെട്ടവരുടെ വിവരം ജില്ല തിരിച്ച് അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു..*

(ബി) കൊല്ലം ജില്ലയിൽ വേക്കൻസി ഇല്ലാത്തതിനാൽ നിയമനം നൽകുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly